വകുപ്പുമായും കത്തിടപാടുകൾ നടത്തിവരികയാണ്. ഇക്കാര്യം വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി കേന്ദ്ര പെട്രോളിയം വുകപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ 3-3-2001-ൽ ഡൽഹിയിൽവച്ച് കൂടിയ കേന്ദ്ര ഊർജ്ജവകുപ്പു മന്ത്രിമാരുടെ യോഗത്തിലും ഇക്കാര്യം പരാമർശിക്കുകയും രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗ്യാസ് അതോറിറ്റി ഈ പദ്ധതിയുടെ മിനിമം കപ്പാസിറ്റി സംബന്ധിച്ച് മാർക്കറ്റിംഗ് സർവ്വേ നടത്തിവരികയാണ്. ഇതു പൂർത്തിയായാലുടൻ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുമെന്നും 2004-ഓടെ ഈ പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(10) കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സ് ഷൺമുഖദാസിനെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവം

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, കൊടകര സ്വദേശിയും കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സുമായ പി.കെ. ഷൺമുഖദാസൻ വളരെ അവശ നിലയിൽ വീട്ടിൽ കഴിയുകയാണ്. കഴിഞ്ഞ ഡിസംബർ മാസം 16-ാം തീയതി 8 മണിയോടെ ജോലി കഴിഞ്ഞ് ഹോട്ടലിൽ ഭക്ഷണം കഴിച്ച് കൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ ആക്രമിച്ചു. ബി.ജെ.പി-സി.പി.ഐ(എം) സംഘട്ടനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിൽസയിൽ ആയിരുന്ന സി.പി.ഐ.(എം) കാരനായ ഒരാളെ കട്ടിലിൽനിന്നും താഴെയിറക്കി കിടത്തിയത് സംബന്ധിച്ചുണ്ടായ തർക്കവും തുടർന്നുണ്ടായ പ്രതികാരവുമാണ് സംഭവത്തിന്റെ പിന്നിലെന്നാണ് പറയുന്നത്. അദ്ദേഹം 41 ദിവസംവരെ ആശുപത്രിയിൽ കിടന്നു. അതിനുശേഷം അനങ്ങാൻ കഴിയാതെ കിടക്കുകയാണ്. ചികിൽസയ്ക്ക് പൈസയില്ല. 10 ലക്ഷം രൂപ നഷ്ടപരിഹാരം ചോദിച്ചിട്ടുണ്ട്. ഇതുവരെയും ആരേയും ഇതു സംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടില്ല. എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കോഴിക്കോട് മെഡിക്കൽ കോളേജിലെ മെയിൽ നഴ്സ് ഷൺമുഖദാസിനെ 16-12-2000-ൽ ഏതാനും പേർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം 303/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് അന്വേഷണം നടത്തിവരുന്നു. അന്വേഷണം ത്വരിതപ്പെടുത്തി നടപടി സ്വീകരിക്കാൻ ഡി.ജി.പി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly